# ചെറിയാൻസിന്റെ ചെറുകഥകൾ

മിനികഥകൾ അഞ്ച് ജോയിക്കുട്ടി, ഡിട്രോയിറ്റ്

ചെറിയാൻസ് വിവശനാണിന്ന്; രോദിതനാണിന് ഹൃത്തടത്തിൽ. അവന്റെ ഹൃദയരോദനം ആരുണ്ടിവിടെ കേൾക്കാൻ. കാലൊടിഞ്ഞ് ഏറു കൊണ്ട തെരുവു ശ്വാനനെപ്പോലെ മുടന്തീടുമവൻ ഹൃദയവുമായെത്തി എൻ ഭത്സന കുത്സനമേൽക്കാൻ തന്നെ. അശ്ലീലമശേഷം കലത്താലുള്ള കഥകൾ മതിയെന്നത് ജോജ്ജുജോസഫിനും എഴുതുന്നവനും. മദ്യമുള്ളിൽ ചെന്നാൽ ഏതു മലയാളിയും കപിയേ പോലെ ചിലമ്പീടും പലതും കഥകളായും കവിതയായും. കന്നിനെ കാലിചന്തയിൽ നിന്ന് ഹരിതാഭ നിറഞ്ഞീടും പുൽതുമ്പ് കണ്മുന്നിൽ കാണിച്ച് കബളിപ്പിച്ച് ഭവനത്തിലെത്തിക്കും പോലെ പ്രത്യാശയുടെ പൊൻ വെട്ടം കാണിച്ച്, കിട്ടുമവന് മദ്യം കഥ പറഞ്ഞ ശേഷമെന്നായി. വെള്ളേപ്പത്തിനെന്തു രുചി കള്ളില്ലാത്തതിനെന്നായി; അശ്ലീലമശേഷമില്ലാത്ത കഥയ്ക്കെന്നായി അവൻ. കള്ളു കിട്ടില്ലാരാജ്യം അമേരിക്കയിൽ വെള്ളേപ്പം അതിരുചികരമായുണ്ടാക്കുമെന്നവന് ബോദ്ധ്യമായപ്പോൾ; മലയാളിമങ്കമാരുടെ കഴിവസാദ്ധ്യമെന്ന് ദ്വയാത്ഥത്തിൽ പറഞ്ഞത് മനസ്സിലാക്കാൻ ആക്കാണസാദ്ധ്യം. നിഗ്ഗളം അധരങ്ങളിൽ നിന്ന് ഊറിവന്നിരുന്ന കഥകളിന്ന് അല്പാല്പമായി വരുന്നത് ആശ്ചര്യത്തോടെ സ്തംഭിച്ച് കേട്ടിരുന്നു. അക്ഷരങ്ങൾകൊണ്ട മ്മാനമാടി, വാക്കുകളാൽ വാചകങ്ങൾ നെയ്തെടുത്തുള്ള അവന്റെ കഥാഭംഗി നഷ്ടപ്പെട്ടില്ലേയെന്ന കുറ്റബോധവുമുണ്ടായി ലേശം.

കണ്ഠമിടറിയാൽ ഏത് ഗാനഗന്ധർവ്വനുമല്പനേരമെങ്കിലും ഗാനമാലപിക്കാൻ കഴിവില്ലാതെ പോകുമല്ലോയെന്നവന്റെ വിലാപരോദനം കേൾക്കാൻ വരുവീൻ സോദരരെ:

## പ്രഗത്ഭൻ

ഇല്ല അവനെ മേലിയും ഞങ്ങൾ പ്രഗത്ഭനാക്കില്ലന്നവർ ഉഗ്രശപഥം ചെയ്യലഞ്ഞു. അല്പത്തിലഹന്ത കാണിച്ചവനെ പഠിപ്പിച്ചീടും പാഠങ്ങൾ പലതുമെന്നവർ ആക്രോശിച്ചതിൽ അത്ഭുതപ്പെടുനൊന്നുമില്ലല്ലോ.

കഴിവുകൾ അവന്റെ അസാധാരണമെന്നവർക്കറിയാമെങ്കിലും; ഇല്ലേ അതിരേതിനുമെന്നവർ പുലമ്പിയതിൽ തെറ്റില്ല. വിളിച്ചാൽ ഇന്നവൻ വിളികേൾക്കില്ല; ആരെന്നറിയാതവൻ പറയുകില്ലാരോടും ഒരക്ഷരം പോലും എന്നായി. വിളിക്കുന്നത് പലപ്പോഴുമവന് അസഹ്യമായത് എന്നു മുതലെന്നായി അവരിൽ പലക്കും. ഇന്ന് കണ്ടാലറിയില്ല പണ്ട് ഓഛാനിച്ചു നിന്ന പലരേയുമിന്നവൻ. വണങ്ങില്ല ആരുടെ മുമ്പിലും. അവന്റെ ശിരസ് പണ്ടങ്ങനായിരുന്നില്ലല്ലോയെന്നവർ സ്മരിച്ചു.

പലരെക്കൊണ്ടും പൊന്നാട പുതപ്പിച്ചതിന്നബദ്ധമായെന്നവക്ക് ബോദ്ധ്യമായി. കഴിവുണ്ടായിരുന്നവനേറയെന്നത് വാസ്തവം. അന്നവക്കറിയില്ലായിരുന്ന ഇന്നവനിത്ര അഹന്ത വരുമെന്ന്. എല്ലാമവന്റെ കഴിവുകൊണ്ടന്നതു കൊണ്ടു മാത്രം എല്ലാമാകില്ലല്ലോ. അത്യുംഗസോപാനത്തിലേറുമുമ്പേ വേണ്ടേ നമനം തൻ ശിരസു വണങ്ങിയല്ലങ്കിലും. കണ്ഠത്തിലപ്പിക്കാനെത്തും ഹാരത്തിൻ മുൻപിലെങ്കിലും വണങ്ങില്ല ശിരസെങ്കിൽ വിണിതല്ലോ ക്ഷോണി തന്നിൽ ആ ഹാരവുമെന്നവൻ ഓക്കേണ്ടതായിരുന്നു.

ഇനിയുമൊരിക്കലും അവൻ കണ്ഠത്തിലൊരു ഹാരവുമൊരിക്കലും വീഴില്ലന്നവർ തീരുമാനിച്ചു. അത്യുംഗ ശൃംഗത്തിലിരിക്കും മലരു പോലും മലന്നീല്ലങ്കിലെങ്ങിനെ ഹാരമായി തീരുമൊരിക്കൽ. പല കുസുമങ്ങൾ നമ്മൾ അവൻ, ദേവൻ തന്റെ ഹസ്തങ്ങളിലെത്തിയില്ലങ്കിലെങ്ങനെ, അവൻ നമ്മളാം കുസുമങ്ങളെ കൊണ്ട് ഹാരമൊരുക്കും. പ്രലപിച്ചിടാതെ നിന്നു കൊടുക്കണമവന്റെ ഇഛ നിറവേറ്റാനെങ്കിലും; ധന്യമായീടട്ടെ നമ്മൾ ജീവിതമെങ്കിലും. ഇല്ല ഞാനൊരിക്കലും അവൻ എൻ ഈശ്വരൻ മുമ്പിൽ പോലുമെന്നഹന്ത പാടില്ല മത്യകുലമേ നമ്മൾക്കാക്കും.

സത്യം നല്ല ചിത്രകാരനവനെന്നത്. സത്യം പലപ്പോഴും മിഥ്യയ്ക്കു മുമ്പിൽ വഴിമാറി നിന്നാലല്ലേ സത്യത്തിനു മുമ്പിൽ പോലും തിരികൊളുത്താൻ സാദ്ധ്യമാകൂ.

പല ദിനമായി ഭക്ഷണമൊന്നുമില്ലാതെ, അവശനായി ഇക്ഷോണിയിൽ ശയിച്ചുപോയി ചിത്രകാരനവൻ. വിറയ്ക്കും തൻ വിരലുകൊണ്ടെങ്ങിനെ വരയ്ക്കും ചിത്രമതൊന്നെങ്കിലുമെന്നാശങ്കയിലായിരുന്നവൻ. വേണ്ടായവന് പ്രഗത്ഭനാകേണ്ട മറ്റൊരുവനെ പോലെയെങ്കിലും. എന്നാലും വേണം ഒരു ചിത്രമവന്റേതെങ്കിലും ഇവിടെ പ്രദശിപ്പാനെങ്കിലുമെന്നതവന്റെ ആശയായിപ്പോയി.

നിറങ്ങൾ പലതും നിറച്ച കുപ്പികൾ പലതും ക്യാൻവാസിൻ ചാരത്തായിരിക്കുന്ന ധരണിയിൽ. അസ്തപ്രജ്ഞനായവന്റെ കാലുകൊണ്ടു തട്ടീ മറിഞ്ഞ അവയോരോന്നായീ ആ ക്യാൻവാസിൻ മീതെയായി. കൂടെ കുഴഞ്ഞു മറിഞ്ഞൂ അവന്റെ കണ്ണുനീർ തുള്ളികളും.

പ്രഗത്ഭനായ മറ്റൊരു ചിത്രകാരനെ തേടിയലഞ്ഞു നടന്നവർ മുമ്പിൽ ഈശ്വരൻ കാണിക്കുന്നു ഇവനേയും ഇവന്റെ ചാരത്തു കണ്ട ക്യാൻവാസിനേയും. തിരിച്ചും മറിച്ചുമവർ പലവുരു നോക്കുന്നു അതിന്റെ അത്ഥം ഗ്രഹിക്കാനായി.

കുംഭകണ്ണവിഭീഷണന്മാരെന്നു പണ്ഡിതശ്രേശരന്മാർ കാളിദാസമൊഴിയാം അമ്പ അമ്പടാ രാഭണനെന്നതിനെ ആഖ്യാനിച്ചതുപോൽ ഇവരും പല അത്ഥങ്ങൾ കൂട്ടിചേത്തിട്ടും മനസ്സിലാകാത്ത പുതിയ അത്ഥത്തിലുള്ള ചിത്രമായി തീന്നത്.

മദ്യപാനമില്ലാ മഹാചിത്രകാരന്മാരില്ലായീഭൂവിൽ എന്ന ശങ്കയാൽ അവനെ സോധന ചെയ്യവനെയവർ. ഇല്ലായിവൻ മദ്യത്തിനടിമയായിട്ടല്ല ബോധപ്രജ്ഞനായതെന്നവക്ക് ബോദ്ധ്യമായി. സംസാരശേഷിയപ്പോൾ അവനു നഷ്ടമായത് ഉവ്വശീശാപം ഉപകാരപ്രദമെന്നപോലെയായി. ഈശ്വരൻ ചെയ്യുന്നതെന്തും നന്മയ്ക്കെന്നേവക്കും അറിയാം. അസ്ഥിപഞ്ജനാമവന് സ്വാദിഷ്ടായുള്ള ഭക്ഷണം പലതുമവർ നൽകി. പണ്ടത്തേതുപോലെ സംഭവിക്കാതെ പ്രത്യേക ശ്രദ്ധയോടെ അവനെ ലേശവും വഞ്ചിക്കാതെ അവനേയും കൊണ്ടവർ ചിത്രകലാമത്സരവേദിയിലെത്തി. ബോധമില്ലായിരുന്നവന് അവന്റെ ക്യാൻവാസിനേക്കുറിച്ചോ ഒന്നും തന്നെ.

മറ്റവനുമെത്തി അവന്റെ പ്രാഗത്ഭ്യമേറിയ നൂതന ചിത്രവുമായി.അവിടെയെത്തിയവക്കാക്കും നൂതന ചിത്രകാരന്റെ നൂതന ചിത്രത്തെക്കുറിച്ച് പറയാനെളുതല്ലായിരുന്നു. അഹങ്കാരിക്കുപോലും ചിത്രം മനോഹരം നൂതനം, ആധുനിക ചിത്രത്തിനത്ഥം ഗ്രഹിക്കാൻ കഴിഞ്ഞില്ല.

കണ്ടവർ ആയിരമായിരം പ്രശംസകൾ ചൊരിഞ്ഞു ആ അധുനിക ചിത്രത്തിന്. വിലകൾ പറഞ്ഞിട്ടും വിലതീരാത്ത ചിത്രമായതു പരിണമിച്ചു; ഒടുവിൽ സമ്മാനത്തിനഹ്മാമായി. നിത്തേണ്ടിടത്തിവനെ നിത്തിയില്ലങ്കിലെന്ന് ചൂടു വെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കാണുമ്പോൾ അറയ്ക്കുന്നത് പോലവർ അറച്ചത് വാസ്തം.

കിട്ടണമെന്റെ മദ്യം, കഥ തീന്നടൻ ചെറിയാൻസെൻ മുന്നിൽ.